# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2025 മാർച്ച് 15**

---

## എം.ജി. സർവകലാശാലയിൽ സിവിൽ സർവീസ് പരിശീലനം

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ യു.പി.എസ്.സി സിവിൽ സർവീസ് പരീക്ഷാ പരിശീലനത്തിന് രജിസ്ട്രേഷൻ ആരംഭിച്ചു.*

*ഓപ്ഷണൽ വിഷയങ്ങൾ ഒഴികെയുള്ള പ്രിലിമിനറിയുടെയും മെയിൻ പരീക്ഷയുടെയും സിലിബസ് ഉൾപ്പെടുത്തി റെഗുലർ, ഈവനിംഗ്, ഫൗണ്ടേഷൻ എന്നിങ്ങനെ മൂന്നു തരം പരിശീലന പരിപാടികളാണുള്ളത്.*

*റെഗുലർ പ്രോഗ്രാമിൽ ആഴ്ച്ചയിൽ അഞ്ചു ദിവസം പരിശീലനം ഉണ്ടാകും. ഡിഗ്രി വിജയിച്ചവരെയാണ് പരിഗണിക്കുന്നത്.*

*ഈവനിംഗ് പ്രോഗ്രാമിൽ ആഴ്ച്ചയിൽ അഞ്ചു ദിവസം ഓൺലൈൻ പരിശീലനമാണ്. പ്ലസ് ടൂ വിദ്യാർഥികൾക്കു മുതൽ അപേക്ഷിക്കാം.*

*ശനി, ഞായർ ദിവസങ്ങളിൽ ഓൺലൈനിൽ നടത്തുന്ന ഫൗണ്ടേഷൻ പ്രോഗ്രാമിൽ എസ്.എസ്.എൽ.സി വിജയിച്ചവർക്കു മുതൽ പങ്കെടുക്കാം.*

*മൂന്നു പ്രോഗ്രാമുകളിലുമായി ആകെ 70 പേർക്കാണ് പ്രവേശനം. പ്രായപരിധി 2025 ജനുവരി ഒന്നിന് 15നും 30നും ഇടയിൽ. സംവരണ വിഭാഗത്തിൽ പെട്ടവർക്ക് പ്രായപരിധിയിൽ ഇളവ് അനുവദിക്കും. അപേക്ഷകൾ മെയ് 20 വരെ സ്വീകരിക്കും.*

*നോട്ടിഫിക്കേഷനും അപേക്ഷാ ഫോറവും ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ് സൈറ്റിൽ (*https://csi.mgu.ac.in/) *ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷ യോഗ്യതാ രേഖകളുടെ പകർപ്പ്, രജിസ്ട്രേഷൻ ഫീസ് അടച്ചതിൻറെ റസിപ്റ്റ് എന്നിവ സഹിതം ഡയറക്ടർ, സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട്, മഹാത്മാ ഗാന്ധി സർവകലാശാല, പ്രിയദർശനി ഹിൽസ് കോട്ടയം 686560 എന്ന വിലാസത്തിൽ നേരിട്ടോ തപാലിലോ സമർപ്പിക്കണം.*

*ജനറൽ വിഭാഗത്തിൽ പെട്ടവർക്ക് നാൽപ്പതിനായിരം രൂപയും എസ്.സി, എസ്.ടി. വിഭാഗക്കാർക്ക് ഇരുപതിനായിരം രൂപയുമാണ് കോഴ്സ് ഫീസ്. രജിസ് ട്രേഷൻ ഫീസ് യഥാക്രമം 250 രൂപയും 150 രൂപയുമാണ്. അർഹവിഭാഗങ്ങൾക്ക് സ്കോളർഷിപ്പും ലഭ്യമാണ് . കൂടുതൽ വിവരങ്ങൾ 9188374553 എന്ന നമ്പരിൽ ലഭിക്കും.*

*(പി.ആർ.ഒ/39/1385/2025)*

## പ്രാക്ടിക്കൽ

*നാലാം സെമസ്റ്റർ ബി.എഡ്. സ്പെഷ്യൽ എജ്യുക്കേഷൻ- ലേണിംഗ് ഡിസെബിലിറ്റി ആന്റ് ഇന്റലക്ചൽ ഡിസെബിലിറ്റി(2023 അഡ്മിഷൻ റഗുലറും സപ്ലിമെന്ററിയും മാർച്ച് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് 18 മുതൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/1386/2025)*

## പരീക്ഷാ ഫലം

*നാലാം സെമസ്റ്റർ എംപിഇഎസ്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെന്ററി ഒക്ടോബർ 24) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മാർച്ച് 29 വരെ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ അപേക്ഷ നൽകാം.*

*(പി.ആർ.ഒ/39/1387/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**